പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3214

21/12/2012 - ൽ മറുപടിയ്ക്ക്

## ദേശീയ ഗ്രാമീണ ഉപജീവന മിഷൻ

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
|---|---|---|
| (എ) ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നോഡൽ ഏജൻസിയായി കുടുംബശ്രീ മിഷനെ അംഗീകരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ; | (എ) | 12-11-2010 ലെ ജി.ഒ.(എംഎസ്സ്) നം.262/2010/തസ്വഭവ ഉത്തരവ് പ്രകാരം കുടുംബശ്രീയെ ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻആർഎൽഎം) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ലൈവ്ലിഹുഡ് മിഷനായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) കുടുംബശ്രീ മിഷൻ സമർപ്പിച്ച 112 കോടി 81 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം ലഭിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കുമോ ; | (ബി) | കുടുംബശ്രീ സമർപ്പിച്ച സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രകാരം 1160.13 കോടി രൂപ അടങ്കൽ തുകയുള്ള 7 വർഷത്തെ പദ്ധതിക്കാണ് കേന്ദ്ര സർക്കാരിന്റെ 6/2/2012-ലെ ഓഫീസ് മെമ്മോറാണ്ടം FTS-17494. L-13014/02/2011-Aajeevika പ്രകാരം അംഗീകാരം നൽകിയത്. |
| (സി) ഈ തുക കുടുംബശ്രീക്ക് കൈമാറി നൽകിയിട്ടുണ്ടോയെന്നും എപ്പോഴാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (സി) | 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള 57 കോടി രൂപ അടങ്കൽ തുകയുള്ള വർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകുകയും ഇതിന്റെ ആദ്യ ഗഡുവായി 21.94 കോടി രൂപ 26/6/2012-ലെ കത്ത് നമ്പർ J 12023/01/2011 Aajeevika(FTS)-11375 പ്രകാരം കുടുംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്. |
| (ഡി) ഈ തുക നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; | (ഡി) | ബാധകമല്ല |

(ഇ) കേന്ദ്ര സർക്കാർ അംഗീകരിച്ച് നൽകിയ പദ്ധതിയുടെ ഘടകങ്ങൾ എന്തെല്ലാമാണെന്നും അത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(ഇ) പ്രസ്തുത പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

1. **സാമൂഹ്യ പങ്കാളിത്തം-** സമൂഹത്തിലെ നിരാലംബരും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളെ കൂടി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക.

2. **മിതവ്യയ സാമ്പത്തിക പങ്കാളിത്തം** - അയൽക്കൂട്ട ഗ്രൂപ്പുകളുടെ സാമ്പത്തിക അച്ചടക്കം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മുഖ്യധാരാ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് പരമാവധി വായ്പാ സംവിധാനം ഉറപ്പുവരുത്തുക, പരിശീലനങ്ങൾ തുടങ്ങിയവ.

3. **ഉപജീവന ഉപാധികൾ** - കൃഷി, കൃഷി അനുബന്ധ ഉത്പാദന, സേവന മേഖലകളിൽ സ്വയം തൊഴിൽ ഉപജീവന മാർഗ്ഗങ്ങൾ കൂടുതൽ വിപുലമാക്കുക. സ്വയം തൊഴിൽ സംരംഭങ്ങളുടെ വിജയ സാധ്യത വർദ്ധിപ്പിക്കുക.

4. **വൈദഗ്ദ്ധ്യ പരിശീലനം-** പൊതുധാരാ വിപണിയിൽ ലഭ്യമായിട്ടുള്ള തൊഴിൽ സാധ്യതകൾ മുതലെടുക്കുന്നതിന് വൈദഗ്ദ്ധ്യ പരിശീലനം ലഭ്യമാക്കി, പ്ലേസ്മെന്റ് വഴി തൊഴിൽ ഉറപ്പു വരുത്തുക.

എൻ.ആർ.എൽ.എം. പദ്ധതിയുടെ സംസ്ഥാനത്തിന്റെ 7 വർഷത്തെ പദ്ധതി രൂപീകരിക്കുന്നതിനും വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച് 'ഫ്രെയിം വർക്ക് ഓഫ് ഇംപ്ലിമെന്റേഷൻ' കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് എൻ.ആർ.എൽ.എം. പദ്ധതി നടത്തിപ്പിന് സംസ്ഥാന തലത്തിൽ എസ്.ആർ.എൽ.എം (സംസ്ഥാന ഉപജീവന മിഷൻ)-ആയി പ്രത്യേക ഏജൻസി രൂപീകരിക്കണമെന്ന് എൻ.ആർ.എൽ.എം- ന്റെ 'ഫ്രെയിം വർക്ക് ഓഫ് ഇംപ്ലിമെന്റേഷൻ' -ൽ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപന സംവിധാനമുണ്ടെങ്കിൽ ടി മാർഗ്ഗ നിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പ്രസ്തുത സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി വിപുലപ്പെടുത്തി അതേ സൊസൈറ്റിയെ എസ്.ആർ.എൽ.എം-ആയി നിയോഗിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ എൻ.ആർ.എൽ.എം-ന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങൾക്ക് ദാരിദ്ര്യ നിർമ്മാർജ്ജന ഘടകങ്ങളുടെ വിവിധ മേഖലകളിൽ വിദഗ്ദ്ധ പിന്തുണ നൽകുന്നതിനുള്ള റിസോഴ്സ് ഓർഗനൈസേഷൻസുകളിൽ ഒന്നായി കുടുംബശ്രീയെയും കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ